"ഭരണഭാഷ മാതൃഭാഷ"

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

ജി2/30131/2014 ചാക്ക, തിരുവനന്തപുരം 7

തീയതി: 01/11/2014

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- പരീക്ഷകളിൽ പങ്കെടുക്കുന്ന ട്രെയിനികൾ സ്വന്തം റോൾ നമ്പർ ഉത്തരക്കടലാസ്സിൽ തെറ്റായി രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന പുതിയ നിർദ്ദേശങ്ങൾ സംബന്ധിച്ച്

വകുപ്പ് നടത്തുന്ന പരീക്ഷകളിൽ സ്വന്തം റോൾ നമ്പർ ഉത്തരക്കടലാസ്സിൽ തെറ്റായി രേഖപ്പെടുത്തുന്ന ട്രെയിനികളുടെ എണ്ണം ഓരോ പരീക്ഷകൾ കഴിയുമ്പോഴും വർദ്ധിച്ചുവരുന്നതായി കാണുന്നു. ടി തെറ്റായ രേഖപ്പെടുത്തലുകൾ കാരണം ഫല പ്രഖ്യാപനം സമയബന്ധിതമായി നടത്താൻ സാധിക്കാത്ത അവസ്ഥയാണ് നിലവിലുള്ളത്. ടി വിഷയം വിശദമായി പരിശോധിക്കുകയും താഴെ പറയുന്ന പുതിയ നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്യുന്നു. **ഒരു ട്രെയിനി ഏതെങ്കിലും വിഷയത്തിൻെറ ഉത്തരക്കടലാസ്സിൽ സ്വന്തം റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തിയാൽ ടി വിഷയത്തിൽ ടി ട്രെയിനി ആബ്സെൻറായി കണക്കാക്കി ഫല പ്രഖ്യാപനം നടത്തുന്നതായിരിക്കും. ഒരു കാരണവശാലും റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തിയ ഉത്തരക്കടലാസ്സ് മൂല്യനിർണ്ണയത്തിന് പരിഗണിക്കുകയില്ല. ടി പുതിയ നിർദ്ദേശം 2015 വർഷം മുതൽ വകുപ്പ് നടത്തുന്ന എല്ലാ പരീക്ഷകൾക്കും ബാധകമായിരിക്കും.** ആയതിനാൽ 2015 വർഷം മുതൽ വകുപ്പ് നടത്തുന്ന പരീക്ഷകളിൽ സ്വന്തം റോൾ നമ്പർ ശരിയായ രീതിയിൽ ഉത്തരക്കടലാസ്സിൽ രേഖപ്പെടുത്താൻ ബന്ധപ്പെട്ട സർക്കാർ/പ്രൈവറ്റ് ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ, ബി.റ്റി.സി. പ്രിൻസിപ്പാൾ, ആർ.ഐ. സെൻറർ ട്രെയിനിംഗ്

ഓഫീസർമാർ ട്രെയിനികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. കൂടാതെ ടി അറിയിപ്പ് സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രദർശിപ്പിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

എല്ലാ സർക്കാർ/പ്രൈവറ്റ് ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ

ബി.റ്റി.സി. പ്രിൻസിപ്പാൾ

ട്രെയിനിംഗ് ഓഫീസർമാർ

ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർ